**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3545**

**20.06.2019 ൽ മറുപടിക്ക്**

## മയക്ക മരുന്ന് ഉപയോഗം തിരിച്ചറിയുന്നതിനുള്ള ഉപകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) മയക്ക മരുന്ന് ഉപയോഗം തിരിച്ചറിയാൻ സാധിക്കുന്ന ഉപകരണങ്ങൾ നിലവിൽ സംസ്ഥാന പോലീസിന്റെ കൈവശമുണ്ടോ; | എ) ഇല്ല. |
| ബി) മദ്യ ഉപയോഗം തിരിച്ചറിയാൻ ഉപയോഗിക്കുന്ന ഉപകരണം പോലെ മയക്ക മരുന്ന് ഉപയോഗം തിരിച്ചറിയാനുള്ള ഉപകരണങ്ങളും പോലീസ്, എക്സൈസ് സേനകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) മയക്ക മരുന്ന് ഉപയോഗം തിരിച്ചറിയാൻ സഹായിക്കുന്ന ആധുനിക രീതിയിലുള്ള Oral Drug Detection Kits വാങ്ങുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പിൽ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ മദ്യം, മയക്കമരുന്ന് എന്നിവയുടെ ഉപയോഗം തിരിച്ചറിയാൻ സഹായിക്കുന്ന ഉപകരണങ്ങൾ ഘടിപ്പിച്ച വാഹന സംവിധാനം വാങ്ങുന്നതിലേക്കായി 2019-2020 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 18 ലക്ഷം രൂപ പോലീസ് വകുപ്പിന് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിൽ മയക്കമരുന്നുകൾ തിരിച്ചറിയുന്നതിനായി 'നാർക്കോട്ടിക് ടെസ്റ്റിംഗ് കിറ്റുകൾ' ഉപയോഗിക്കുന്നുണ്ട്. കൂടാതെ മയക്കമരുന്ന് ഉപയോഗം തിരിച്ചറിയാൻ ഗുജറാത്ത് പോലീസ് ഉപയോഗിച്ചുവരുന്ന 'Abon Kits' എന്ന സംവിധാനം കേരള എക്സൈസ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ